പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 743 — 14-10-2026-ൽ മറുപടിയ്ക്ക്

<u>ലാൻഡ് ബാങ്ക് പദ്ധതി</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> — <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. കെ. പ്രേമൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) ലാൻഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പറമ്പികുളം മേഖലയിലെ മുതലമട ചെമ്മണാംപതിയിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കാൻ നിശ്ചയിച്ചിരുന്ന 26 ഏക്കറോളം ഭൂമി വിതരണം ചെയ്യുന്നതിന് കാലതാമസമുണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u> ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനു 25.03.2023 ലെ ജില്ലാ കളക്ടറുടെ നോട്ടിഫിക്കേഷൻ പ്രകാരം ചെമ്മണാംപതി മുച്ചൻകുണ്ട് 30 ഏക്കർ ഭൂമി വിൽക്കുന്നതിന് അപേക്ഷ ജില്ലാ കളക്ടർക്ക് ലഭിക്കുകയും ടി പദ്ധതി പ്രകാരമുള്ള കമ്മിറ്റികൾ ഭൂമി പരിശോധിക്കുകയും, സ്ഥലത്തിന്റെ വില നിർണ്ണയം ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.**

(ബി) ഗുണഭോക്താക്കൾക്ക് സ്ഥലം വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ?

**<u>മറുപടി:</u> 10.11.2025 ലെ സ.ഉ(കൈ) 44/2025/SCSTDD സർക്കാർ ഉത്തരവ് പ്രകാരം സ്ഥലം വിലക്ക് വാങ്ങുന്നതിന് നാളിതുവരെ 69 അപേക്ഷകൾ ലഭ്യമായിട്ടുണ്ട് . അപേക്ഷയിൽ പരാമർശിച്ച ഭൂമി, പദ്ധതി പ്രകാരം വാങ്ങുന്നതിന് അനുയോജ്യമാണോ എന്നത് സംബന്ധിച്ച പരിശോധന നടപടികൾ സ്വീകരിച്ചു വരികയാണ്.**

സെക്ഷൻ ഓഫീസർ